# സ്ത്രീ സ്വാതന്ത്ര്യം അതിരുവിടുമ്പോൾ

**നൂറ്റാണ്ടുകളായി** പുലർന്നുവന്ന പുരുഷാധിപത്യം സ്ത്രീജനങ്ങളെ അധമകളായി ഗണിച്ച് അടിച്ചമർത്തിയിരുന്നുവെന്നത് വസ്തുതയാണ്. പ്രബുദ്ധമായ ആധുനികയുഗത്തിൽ അർഹിക്കുന്ന ആദരവും അവകാശങ്ങളും വകവെച്ചുകിട്ടാൻ സ്ത്രീകൾ രംഗത്തിറങ്ങിയത് തികച്ചും സ്വാഭാവികം. പക്ഷേ സ്ത്രീസ്വാതന്ത്ര്യമെന്നാൽ സ്ത്രീത്വത്തിൽനിന്നുള്ള സ്വാതന്ത്ര്യവും, സമത്വമെന്നാൽ എല്ലാ കാര്യങ്ങളിലും പുരുഷനു തുല്യരായിരിക്കലുമാണെന്നത്രെ ചിലരെങ്കിലും ധരിച്ചുവശായിരിക്കുന്നത്. ഇത് പ്രകൃതിവിരുദ്ധമാണ്. ഇത്തരം സങ്കൽപങ്ങൾ അനിയന്ത്രിതമായ ലൈംഗിക സ്വാതന്ത്ര്യത്തിനും ദാമ്പത്യനിഷേധത്തിനും കുടുംബശൈഥില്യത്തിനും വഴിയൊരുക്കുന്നു. അത് സ്ത്രീജീവിതത്തെ കൂടുതൽ സംഘർഷഭരിതവും അരക്ഷിതവുമാക്കിയേക്കുമെന്ന് വിവേകമതികൾ നേരത്തേ മുന്നറിയിപ്പ് നൽകിയിരുന്നു.

മനുഷ്യരെന്ന നിലയിലുള്ള അവകാശങ്ങളിലും ആദരണീയതയിലും സ്ത്രീപുരുഷന്മാർ സമന്മാരാണ്. അതോടൊപ്പം സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം പ്രത്യക്ഷ യാഥാർഥ്യവുമാകുന്നു. രണ്ടു പേർക്കും പ്രകൃതി അവരുടേതായ ഉത്തരവാദിത്വങ്ങളും ആ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനാവശ്യമായ സവിശേഷതകളും നൽകിയിരിക്കുന്നു. പുരുഷനില്ലാത്ത ചില ഗുണങ്ങൾ ഉള്ളതുകൊണ്ട് സ്ത്രീ പുരുഷനേക്കാൾ ഉൽകൃഷ്ടയാകാത്തതുപോലെ, സ്ത്രീക്കില്ലാത്ത ഗുണങ്ങൾ ഉള്ളതുകൊണ്ട് പുരുഷൻ സ്ത്രീയേക്കാളും ഉൽകൃഷ്ടനാകുന്നില്ല. സ്ത്രീയെ അപേക്ഷിച്ച് കായികമായും മാനസികമായും കൂടുതൽ കരുത്തനാണ് പുരുഷൻ. സ്ത്രീ ലോലയാണിതു രണ്ടിലും. ഈ വ്യത്യാസം പുരുഷന്റെ ഔന്നത്യമായും സ്ത്രീയുടെ അധമത്വമായും അടയാളപ്പെടുകയായിരുന്നു. ഈ തെറ്റുതിരുത്തേണ്ടത് സ്ത്രീയും പുരുഷനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്ന മിഥ്യാഭ്രമം കൊണ്ടല്ല. അത് സ്ത്രീത്വത്തിൽനിന്ന് സ്വതന്ത്രയാവാനുള്ള സ്ത്രീയുടെ അപകടകരമായ വിഫലശ്രമമായേ കലാശിക്കൂ. ആധുനിക സ്ത്രീ വിമോചനം അത്തരമൊരു പതനത്തോടടുത്തതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. നമ്മുടെ നാട്ടിൽ സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ ശക്തിപ്പെടുന്ന മുറക്ക് സ്ത്രീപീഡനവും അരക്ഷിതാവസ്ഥയും പെരുകിവരുന്നത് ഒരു ഉദാഹരണം.

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പറുദീസയായ അമേരിക്കയിൽ ഈയിടെ പുറത്തുവന്ന ഒരു സർവേ റിപ്പോർട്ട് ഏറെ ശ്രദ്ധേയമാണ്. അമേരിക്കൻ വനിതകൾ സമ്പന്നരാണ്. ആരോഗ്യവതികളാണ്. ബിരുദധാരിണികളാണ്. എവിടെയും പോകാം. എന്തും ചെയ്യാം. വിവാഹം വേണമെങ്കിൽ മതി. ഭർത്താവിനെ വേണ്ടെന്നു തോന്നിയാൽ അനായാസം ഒഴിവാക്കാം. വിവാഹം ചെയ്യാതെയും ആരുടെ കൂടെയും ജീവിക്കാം, കുട്ടികളെ പ്രസവിക്കാം. മിക്കവർക്കും നല്ല ജോലിയും ഉയർന്ന ശമ്പളവുമുണ്ട്. തൊഴിൽ രംഗത്ത് പുരുഷന്മാർ രണ്ടാം സ്ഥാനത്തേക്ക് തള്ളപ്പെടുന്ന അവസ്ഥയിലാണ്. സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ശക്തിപ്പെടുന്നതിന് മുമ്പ് തൊള്ളായിരത്തി അറുപതുകളിൽ നടത്തിയ ഒരു പഠനത്തിൽ അമേരിക്കയിൽ സന്തുഷ്ടരും സംതൃപ്തരുമായി സുരക്ഷാബോധത്തോടെ ജീവിക്കുന്ന സ്ത്രീകളുടെ സംഖ്യ അങ്ങനെ ജീവിക്കുന്ന പുരുഷന്മാരുടേതിനേക്കാൾ വളരെ കൂടുതലാണെന്നു കണ്ടിരുന്നു. പക്ഷേ ജസ്റ്റിസ് വുൾഫഴ്സും റസ്ടി വിൻസനും ചേർന്ന് ഈയിടെ നടത്തിയ പഠനത്തിന്റെ ഫലം നേരെ വിപരീതമാണ്. സംതൃപ്തരായി ജീവിതം നയിക്കുന്ന വനിതകളുടെ സംഖ്യ നന്നേ കുറഞ്ഞുപോയിരിക്കുന്നു. ഭാര്യയും ഭർത്താവും അടങ്ങുന്ന കുടുംബങ്ങളുടെ എണ്ണവും ഏറെ കുറഞ്ഞിട്ടുണ്ട്. ഓഫീസുകളിലും ഫാക്ടറികളിലും സ്ത്രീകളുടെ ജോലിഭാരം വർധിച്ചുകൊണ്ടിരിക്കുന്നു. അതിനു പുറമെയുള്ള വീട്ടുജോലികൾ അവർക്കൊരു സെക്കന്റ് ഷിഫ്റ്റു പോലെയാണ്. തനിച്ച് കുട്ടികളെ പോറ്റേണ്ടിവരുന്ന- അത്തരക്കാർ വളരെയേറെയുണ്ട്- സ്ത്രീകളുടെ ജീവിതഭാരം പിന്നെയും കൂടുന്നു. നൈരാശ്യം, അരക്ഷിതത്വം, സ്നേഹരാഹിത്യം, അസംതൃപ്തി ഇതൊക്കെ വേട്ടയാടിക്കൊണ്ടിരിക്കുകയാണവരെ. മറുവശത്ത് കുടുംബത്തിൽനിന്നും അതിന്റെ ഉത്തരവാദിത്വങ്ങളിൽനിന്നും മുക്തരായി ലാഘവത്തോടെ ജീവിതം നയിക്കുന്ന പുരുഷന്മാരുടെ എണ്ണം '60കളിലേതിനേക്കാൾ പതിന്മടങ്ങ് വർധിക്കുകയും ചെയ്തിരിക്കുന്നു. അമേരിക്കയിൽ മാത്രമല്ല, യൂറോപ്പിലും ഇതുതന്നെയാണ് അവസ്ഥയെന്ന് പഠിതാക്കൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജോലി ചെയ്ത് കുട്ടികളെ പോറ്റുന്ന പാശ്ചാത്യ വനിതയുടേതിനേക്കാൾ എത്രയോ സന്തുഷ്ടമാണ് അതേവിധം കുട്ടികളെ പോറ്റുന്ന പൗരസ്ത്യ വനിതകളുടെ ജീവിതമെന്നും അവർ പറയുന്നു.

'സംഭ്രമജനകം' എന്നാണ് *ന്യൂയോർക്ക് ടൈംസ്* ഈ റിപ്പോർട്ടിനെ വിലയിരുത്തിയത്. പാശ്ചാത്യ വനിതകളുടെ ഈ ദുരവസ്ഥക്ക് പരിഹാരം കാണാൻ സാമൂഹിക ശാസ്ത്രജ്ഞർ മുന്നിട്ടിറങ്ങണമെന്ന് പത്രം ആഹ്വാനം ചെയ്യുന്നുമുണ്ട്.

സ്ത്രീവിമോചനവും സമത്വവും ആപത്താണെന്നല്ല ഇത് സൂചിപ്പിക്കുന്നത്. അത് യാഥാർഥ്യബോധത്തോടുകൂടിയതും മൂല്യാധിഷ്ഠിതവും ആയിരിക്കണമെന്നാണ്. അങ്ങനെയല്ലാത്ത സ്ത്രീ വിമോചനം അനിവാര്യമായ തിരിച്ചടി നേരിട്ടേ തീരൂ. അവരുടെ ഉച്ഛൃംഖലമായ അഭിവാഞ്ഛകളും പ്രതീക്ഷകളും സ്ഫടിക ഭിത്തികളിലിടിച്ച് ചിതറിത്തെറിച്ചുകൊണ്ടിരിക്കുന്നു. നിരുപാധിക സ്വാതന്ത്ര്യത്തിനും പിന്തിരിപ്പൻ പാരമ്പര്യ വാദത്തിനുമിടയിൽ മിതത്വത്തിന്റേതായ ഒരു പാത കണ്ടെത്തേണ്ടിയിരിക്കുന്നു. തീവ്രവാദം ഏതു വിഷയത്തിലായാലും സംഘർഷങ്ങളും സങ്കടങ്ങളുമാണ് സമ്മാനിക്കുക. ■